# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2417 12.06.2018- ൽ മറുപടിക്ക്

## വ്യവസായ മിത്ര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നിരവധി സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ചയെ നേരിടുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | എ) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ച നേരിടുന്നുവെന്ന പൊതു അവസ്ഥ സംജാതമായിട്ടില്ല. എന്നാൽ യൂണിറ്റുകൾ ധനകാര്യമില്ലായ്മ, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് /വർധിച്ച വില എന്നിവയാൽ ചില സംരംഭങ്ങൾ നഷ്ടത്തിലാവുകയോ/മാന്ദ്യമോ സംഭവിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്ഥാപനങ്ങളെ പുന:രുദ്ധരിക്കുവാൻ വ്യവസായ മിത്ര എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം നൽകുമോ; | ബി) | വ്യസായ മിത്ര എന്നത് ഒരു പദ്ധതിയല്ല. മേൽപ്പറഞ്ഞ പ്രതിസന്ധികൾ നേരിടുന്ന കേരളത്തിലെ എം.എസ്.എം.ഇ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ച് ഈ സാമ്പത്തിക വർഷം 'ദി കേരള സ്ട്രസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആന്റ് റിഹാബിലിറ്റേഷൻ സ്കീം എന്ന പദ്ധതിക്കായി മുന്നൂറ് ലക്ഷം രൂപ സർക്കാർ ഈ സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 15.05.2018 ലെ സർക്കാർ ഉത്തരവ് G.O(Ms)No.38/2018/ID എന്ന നമ്പറിൽ ഭരണാനുമതി നൽകിക്കഴിഞ്ഞു. |

| | | | |
|---|---|---|---|
| സി) | എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്; ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകർക്ക് വേണ്ട അർഹത എന്തൊക്കെയാണ്; | സി) | താഴെ പറയുന്ന തരത്തിലുള്ള ധന സഹായമാണ് ഈ പദ്ധതി മൂലം നൽകാനുദ്ദേശിക്കുന്നത്.<br>• നിലവിലുള്ള വായ്പ അക്കൗണ്ട് പുനക്രമീകരണം ചെയ്യുക.<br>• പുനരുദ്ധീകരിക്കാനാകുന്ന യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.<br>• നിയമപരമായി അടക്കേണ്ടുന്ന ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.<br>• പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000/- രൂപ<br><br>മേൽ പദ്ധതി ആനുകൂല്യത്തിനായി അപേക്ഷകർക്ക് വേണ്ട അർഹത ചുവടെ ചേർക്കുന്നു<br>• സംസ്ഥാനത്തിനകത്തുള്ള ഉൽപ്പാദന മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾ ആയിരിക്കണം .<br>• നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാൻ പാടില്ല .<br>• ഇ.എം പാർട്ട്-2/ ഉദ്യോഗ് ആധാർ എന്നിവയിൽ ഏതെങ്കിലും ഫയൽ ചെയ്തിട്ടുണ്ടായിരിക്കണം.<br>• സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽപ്പെട്ട യൂണിറ്റായിരിക്കണം .<br>• റിവൈവൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പുനരുദ്ധാരണയോഗ്യമായ യൂണിറ്റായിരിക്കണം .<br>• സ്വതന്ത്ര അസ്തിത്വം ഉള്ള യൂണിറ്റായിരിക്കണം . |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | പദ്ധതിയുടെ നടത്തിപ്പിനായി 2018-19 ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**